നക്ഷത്രചിഹ്നമിടാത്ത ചോദ്യം

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

**2014 ഫെബ്രുവരി 6, വ്യാഴം**

**ജില്ലാ ജഡ്ജിമാരുടെ എല്ലാ ഒഴിവുകളും നികത്താത്തതുമൂലമുള്ള പ്രാതിനിധ്യക്കുറവ്**

ചോദ്യം | ഉത്തരം

**ശ്രീ റ്റി.എ.അഹമ്മദ് കബീർ** | **ശ്രീ ഉമ്മൻ ചാണ്ടി** (ബഹു.മുഖ്യമന്ത്രി)

| | |
|---|---|
| (എ) നീതിന്യായ വകുപ്പിൽ ജില്ലാ ജഡ്ജിമാരുടെ പന്ത്രണ്ട് ഒഴിവുകൾ നോട്ടിഫൈ ചെയ്തിട്ട് ആറ് ഒഴിവുകളിൽ മാത്രം നിയമനങ്ങൾ നടത്തിയതുമൂലം സംവരണതത്വ പ്രകാരം പിന്നോക്ക വിഭാഗങ്ങൾക്ക് ലഭിക്കേണ്ട പ്രാതിനിധ്യം ലഭിക്കാതെപോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ജില്ലാ ജഡ്ജിമാരുടെ 12 ഒഴിവുകൾ നികത്തുന്നതിനായി നടത്തിയ പരീക്ഷയിൽ 6 പേർ മാത്രമാണ് ജയിച്ചത്. ഇതിൽ ഒരാൾ എസ്.സി. സംവരണ വിഭാഗത്തിൽപ്പെടുന്നു. മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം ലഭിക്കാതെ പോയത് ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) ഈ പ്രാതിനിധ്യക്കുറവ് ഏതു വിധത്തിൽ പരിഹരിച്ചു നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും, അതിനുള്ള നടപടികൾ എപ്പോഴത്തേക്കുണ്ടാകുമെന്നും വ്യക്തമാക്കുമോ; | (ബി) എൻ.സി.എ. റിക്രൂട്ട്മെന്റ് വഴി ഈ പ്രാതിനിധ്യകുറവ് പരിഹരിക്കുന്നതാണ്. 2014 ഫെബ്രുവരി മാസം അവസാന ആഴ്ചയോടെ ഇതിനുവേണ്ട വിജ്ഞാപനം പുറപ്പെടുവിക്കുവാൻ ഹൈക്കോടതി തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ